**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - കണ്ണൂർ നഗരസഭാ മുൻ സെക്രട്ടറി ശ്രീ.ബി.കെ. ബലരാജിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - റിവ്യു ഹർജി നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1939/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 18.06.2016.

==========================================================================

**പരാമർശം :**
1) 11.02.2015 തീയതിയിലെ സ.ഉ. (സാധാ) നം. 22/2015/വിജി.
2) 20.03.2015 തീയതിയിലെ സ.ഉ. (സാധാ) നം. 815/2015/തസ്വഭവ.
3) ശ്രീ. ബി.കെ. ബലരാജ്, സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സമർപ്പിച്ച 02.05.2015 തീയതിയിലെ റിവ്യു ഹർജി.
4) നഗരകാര്യ ഡയറക്ടറുടെ 14.05.2015, 03.12.2015 തീയതികളിലെ വി2-12498/2012 നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പയ്യാമ്പലം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിലെ അറ്റകുറ്റ പണികളിലെ ക്രമക്കേടുകൾ സംബന്ധിച്ച ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കണ്ണൂർ യൂണിറ്റ് നടത്തിയ അന്വേഷണത്തിൽ കുറ്റാരോപിതരായ മുൻ കണ്ണൂർ നഗരസഭാ സെക്രട്ടറി ശ്രീ. ബി.കെ. ബലരാജിനെതിരായ അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ രണ്ടു വർഷത്തേക്ക് തടഞ്ഞുകൊണ്ടും കണ്ണൂർ നഗരസഭയിലെ പി.എ. ടു സെക്രട്ടറിയായിരുന്ന ശ്രീ.എൻ.വി. മുഹമ്മദാലിക്കെതിരായ നടപടി കെ.എസ്.ആർ. ഭാഗം III ചട്ടം 59(b) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും പ്രതിമാസം 50 രൂപ വീതം സ്ഥിരമായി കുറവ് ചെയ്യാവുന്നതാണെന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിയും ഉത്തരവായി.

2. കണ്ണൂർ നഗരസഭയിൽ അനുവദിക്കപ്പെട്ട 3 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികയിൽ 1 അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക 2008 കാലയളവിൽ ഒഴിഞ്ഞു കിടന്നതിനാലാണ് മരാമത്ത് പണികളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി ഏറ്റവും സീനിയറായ ശ്രീ. ടി. രമേശന് താൽക്കാലികമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ അധിക ചുമതല നൽകിയതെന്നും താൽക്കാലികമായ ഈ നടപടി മുനിസിപ്പൽ ചെയർമാന്റെയും മുനിസിപ്പൽ എഞ്ചിനീയറുടെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലുമായിരുന്നുവെന്നും സാങ്കേതിക പരിജ്ഞാനവും ദീർഘനാളത്തെ സേവന പരിചയവുമുള്ള ഒന്നാം ഗ്രേഡ് ഓവർസീയർ ആയ ശ്രീ. ടി. രമേശൻ രേഖപ്പെടുത്തിയ Measurement ഉം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖപ്പെടുത്തിയ Check Measurement ഉം, മുനിസിപ്പൽ എഞ്ചിനീയർ പരിശോധിച്ച് തുക നൽകുന്നതിനായി ശുപാർശ ചെയ്ത പ്രവർത്തികളുടെ ബില്ലിന്റെ ആധികാരികതയും ഉറപ്പ് വരുത്തുവാൻ സാങ്കേതിക

പരിജ്ഞാനമില്ലാത്ത നഗരസഭാ സെക്രട്ടറിയ്ക്ക് നിർവ്വാഹമില്ലെന്നും സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള വിഷയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ടും ശുപാർശയും അംഗീകരിക്കുവാൻ മാത്രമേ സാധിക്കുകയുള്ളു വെന്നും ഏതെങ്കിലും ഗുരുതരമായ കുറ്റകൃത്യങ്ങളിൽ നിരവധിപേർ പങ്കാളികളായിട്ടുള്ളതായി ആരോപിക്കപ്പെടുന്ന സാഹചര്യത്തിൽ, പ്രധാനപ്പെട്ട കുറ്റങ്ങൾ ചുമത്തപ്പെട്ടവർ തെളിവുകളുടെ അടിസ്ഥാനത്തിലും മറ്റും കുറ്റവിമുക്തരായി പ്രഖ്യാപിക്കപ്പെടുന്ന പക്ഷം, വളരെ ലഘുവായ കുറ്റം ചുമത്തപ്പെട്ടവർ തുടർന്നും വിചാരണ നേരിടേണ്ടി വരുന്നത് നിയമ വ്യവസ്ഥയോടുള്ള വെല്ലുവിളിയും സാമാന്യ നീതിക്ക് നിരക്കാത്തതുമാണെന്നും ആയതിനാൽ മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിലും ഒന്നാം പരാമർശിത സർക്കാർ ഉത്തരവ് പരിഗണിച്ചും കുറ്റാരോപണ പത്രികയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളിൽ നിന്നും തന്നെ നിരുപാധികം മുക്തനാക്കണമെന്നും രണ്ടാം പരാമർശിത സർക്കാർ ഉത്തരവ് റദ്ദാക്കി തനിക്കെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടി തീർപ്പാക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. ബി.കെ. ബലരാജ്, സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരാമർശം 3 പ്രകാരം റിവ്യു ഹർജി സമർപ്പിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പുതല അന്വേഷണ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് പരാമർശം ഒന്നിലെ ഉത്തരവിലെ കുറ്റാരോപിതരായ ഓവർസിയർ ശ്രീ.റ്റി. രമേശൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. നീത കാമ്പിൽ എന്നിവർക്കെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണവും റിവ്യു ഹർജിക്കാരനായ ശ്രീ. ബലരാജിനെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള കുറ്റാരോപണവും ഒരേപോലുള്ളതല്ല. കൂടാതെ ടിയാൾക്കെതിരായ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ആരോപണങ്ങൾ സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുള്ളതുമാണ്. ആയതിനാൽ റിവ്യു ഹർജി പരിഗണനാർഹമല്ലാത്തതിനാൽ മുൻ കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ബി.കെ. ബലരാജ് (ജോയിന്റ് ഡയറക്ടർ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം) പരാമർശം 3 പ്രകാരം സമർപ്പിച്ച റിവ്യു ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,)**
**രത്നമ്മ.വി,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തൃശ്ശൂർ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ശ്രീ. ബി.കെ. ബലരാജ്, ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം. (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിജിലൻസ് ഡിപ്പാർട്ട്മെന്റ് (28.04.2016 ലെ 12133/ഡി1/2016/വിജി. നമ്പർ പ്രകാരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**